# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5923 — 30/07/2015-ൽ മറുപടിക്ക്

## ആദിവാസി വിഭാഗത്തിന്റെ ഉന്നമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>,, കെ.രാധാകൃഷ്ണൻ :<br>ശ്രീമതി.കെ.എസ്.സലീഖ :<br>ശ്രീ.ആർ. രാജേഷ് : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ദുർബലരായ ആദിവാസി വിഭാഗത്തെ സമൂഹത്തിലെ മുഖ്യധാരയിലെത്തിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | ദുർബ്ബലരായ പട്ടികവർഗ്ഗക്കാരെ സമൂഹത്തിലെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളായ പാർപ്പിടം, റോഡ്, കുടിവെള്ളം, ഭക്ഷണം, വൈദ്യുതി മുതലായവ ലഭ്യമാക്കുന്നതിന് ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച് ആയത് ടി ജനവിഭാഗത്തിന് ലഭ്യമാക്കുന്നതിനായി കുറ്റമറ്റരീതിയിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിദ്യാർത്ഥി - വിദ്യാർത്ഥിനികൾക്ക് മറ്റ് കുട്ടികളോടൊപ്പം സമൂഹത്തിൻെറ മുഖ്യധാരയിൽ എത്തുവാൻ സർക്കാർ പ്രീമെട്രിക് വിദ്യാഭ്യാസത്തിലും പോസ്റ്റ്മെട്രിക് വിദ്യാഭ്യാസത്തിലും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ അനുവദിച്ച് നൽകിവരുന്നു. കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 18 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലും 110 ഹോസ്റ്റലുകളിലും പഠിക്കുന്ന കുട്ടികൾക്ക് താമസം ഭക്ഷണം ഉൾപ്പെടെ എല്ലാ ചെലവുകളും സർക്കാരാണ് വഹിക്കുന്നത്. പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട ആരോഗ്യം പ്രദാനം ചെയ്യുന്നതിനായി പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി രൂപീകരിച്ച് അതിൽ നിന്നും ധനസഹായം അനുവദിച്ച് നൽകി വരുന്നു. സർക്കാർ ആശുപത്രിയിൽ ചികിൽസയ്ക്ക് എത്തുന്ന പട്ടികവർഗ്ഗക്കാർക്ക് സമഗ്ര |
| (ബി) | ആദിവാസികകൾക്ക് മറ്റ് വിഭാഗങ്ങളോടൊപ്പം എത്താൻ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യബോധം ഇടങ്ങിയ മേഖലകളിലെ പോരായ്മകൾ വിഘാതമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം സൗജന്യ ചികിൽസ ലഭ്യമാക്കുന്നു. മുലയൂട്ടുന്ന അമ്മമാരുടേയും കുഞ്ഞിൻേറയും ആരോഗ്യ സംരക്ഷണത്തിനായി പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നുണ്ട്. അരിവാൾ രോഗികൾക്ക് പോഷകാഹാരം പ്രദാനം ചെയ്യുന്നതിനായി പ്രതിമാസം 1000 രൂപ നിരക്കിൽ ധന സഹായം അനുവദിച്ച് നൽകിവരുന്നുണ്ട്. കൂടാതെ വകുപ്പിൻെറ കീഴിൽ 17 ജി.എ.ഡി കളും ഒരു ആയൂർവ്വേദ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ചികിൽ സയ്ക്ക് എത്തുന്ന പട്ടികവർഗ്ഗക്കാരുടെ ചികിൽസ മുഴുവൻ സൗജന്യമാണ്. ആദി വാസികൾക്ക് സാമൂഹ്യബോധം വളർത്തുന്ന തിനായി പൈതൃകോൽസവം , ഗോത്രായനം മുതലായ മേളകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെബോധവൽക്കരണ ക്യാമ്പു കളും നടത്തി വരുന്നുണ്ട്. |
| (സി) | എങ്കിൽ ഇത്തരം കാര്യങ്ങളിൽ ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ എന്താണെന്ന് വിശദമാക്കാമോ? | | ആദിവാസികളുടെ ഉന്നമനം ലക്ഷ്യമാക്കി, സമഗ്ര പുരോഗതിയ്ക്കായുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് കൈക്കൊണ്ടുപോരുന്നു. |

സെക്ഷൻ ഓഫീസർ